ലക്കം 31

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## കർത്താവേ ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ

*(ഈ ലേഖനത്തിൽ കർത്താവിന്റെ പ്രാർത്ഥന ഉദ്ധരിച്ചിരിക്കുന്ന മത്തായി 6: 9– 13 ൽ നിന്ന്)*

ലൂക്കോസ് 11 ൽ ശിഷ്യന്മാർ കർത്താവിന്റെ അടുക്കൽ വന്ന് "കർത്താവേ ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ" എന്ന് അപേക്ഷിച്ചു. ഇതുവരെ എഴുതിയിട്ടുള്ളതിൽ വച്ച് "കർത്താവിന്റെ പ്രാർത്ഥന" എന്ന് അറിയപ്പെടുന്ന പ്രാർത്ഥന ഏറ്റവും വലിയതും പിന്തുടരേണ്ടതുമായ ഒരു മാതൃകയുമാണ്. എങ്ങനെ പ്രാർത്ഥിക്കണം എന്ന് ദൈവപുത്രനിൽ നിന്നു തന്നെ പഠിപ്പിക്കുന്നത് മഹത്തായ അനുഗ്രഹമാണ്. ആത്മാർത്ഥതയിലും സ്നേഹത്തിലും ഹൃദയം തുറക്കുകയും, ഭക്തിപകർന്നു നൽകുകയും, ദൈവത്തോട് തങ്ങളുടെ അഭ്യർത്ഥനകൾ നടത്തുകയും ചെയ്യുമ്പോൾ ഫലപ്രദമായി പ്രാർത്ഥിക്കുവാൻ ആളുകളെ പ്രാപ്തരാക്കുന്ന നിരവധി ഘടക ങ്ങൾ ഈ മാതൃകാ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു. "നിങ്ങൾ ഈവണ്ണം പ്രാത്ഥിപ്പിൻ ...... "

**"ഞങ്ങളുടെ പിതാവ്" - വ്യക്തിപരമായ ബന്ധം**

ദൈവവും മനുഷ്യരും തമ്മിൽ ഉണ്ടായിരിക്കേണ്ട മനോഹരമായ ബന്ധത്തിന്റെ ഉദാഹരണമാണ് പ്രാർത്ഥനയുടെ തുടക്കം. നമ്മുടെ പിതാവ് എന്ന നിലയിൽ ദൈവത്തിലും അവന്റെ മക്കൾ എന്ന നിലയിൽ നമുക്കുള്ള സ്നേഹത്തിലും അത് ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. നമ്മൾ രാജാവിന്റെ മക്കൾ ആകുന്നു. "നമ്മുടെ" എന്നത് ബഹുവചനമാണ്. ദൈവം മറ്റ് കുട്ടികളുടെയും നമ്മുടെ ആത്മീയ സഹോദരി സഹോദരന്മാരുടെയും പിതാവ് എന്ന നിലയിൽ ഐക്യവും സ്വീകാര്യതയും സൂചിപ്പിക്കുന്നു.

**"സ്വർഗ്ഗത്തിലെപ്പോലെ" - വിശ്വാസം / അംഗീകാരം**

ദൈവത്തിന്റെ സർവ്വവ്യാപിത്വവും സർവ്വജ്ഞാത്തെയും കുറിച്ചുള്ള അറിവും ഉറപ്പും. ഞങ്ങൾ ആരോടാണ് പ്രാർത്ഥിക്കുന്നത് എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു.

**"നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ"- ആരാധന/ഉയർത്തൽ/ സ്തുതി**

വിശുദ്ധീകരിക്കപ്പെട്ടത് എന്നത് ഒരു കാര്യാലയത്തിനു വേണ്ടി വേർതിരിക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. പ്രാർത്ഥന ദൈവത്തെ ബഹുമാനിക്കുന്നതിനും നമ്മുടെ ഹൃദയങ്ങളാലും ചിന്തകളാലും വാക്കുകളാലും അവിടുത്തെ ദൈവീകത്വത്തെ അംഗീകരിക്കുവാനും, ആ ദിവ്യസ്വഭാവവും സ്ഥാനവും നമ്മുടെ ജീവിതത്തിൽ പ്രദർശിപ്പിക്കുവാനുമുള്ള സമയമാണ്. പ്രാർത്ഥന ആരംഭിക്കുന്നത് ഒരു അഭ്യർത്ഥനയോടെ ആയിരിക്കരുത്, മറിച്ച് ദൈവത്തിന്റെ പരിശുദ്ധ നാമത്തെ ആരാധിച്ചു കൊണ്ടാണ്.

**"നിന്റെ രാജ്യം വരണമേ"- പ്രതീക്ഷ/ ആശ**

മാർഗ്ഗനിർദ്ദേശത്തിനും ദൈവസാന്നിദ്ധ്യത്തിനും വേണ്ടി പ്രതീക്ഷയോടെ ദൈവത്തോട് അപേക്ഷിക്കുന്നു. നമ്മുടെ ജീവിതം ദൈവത്തിന്റെ സമ്പൂർണ്ണ ഭരണത്താൽ മേൽനോട്ടം വഹിക്കുവാനും സാത്താന്റെ ശക്തി തകർക്കപ്പെടുന്നതിനുമുള്ള വാഞ്ചയാണ് ഇത്. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമത്രേ. (റോമർ 14:17). ക്രിസ്തുവിന്റെ രാജ്യം ഒരു വ്യക്തിയുടെ ഉള്ളിൽ നിൽക്കുന്ന ഒരു ആത്മീയ രാജ്യമാണ്.

**"നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ"- സമർപ്പണം/ പ്രതിഷ്ഠ.**

ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ സമ്പൂർണ്ണമാണ്, എന്നാൽ നമ്മുടെ ഹിതവും പദ്ധതികളും അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുമ്പോൾ നമ്മുടെ മർത്യവും ജഡിക വുമായ ശരീരത്തിൽ ആണ് അത് നടപ്പിലാക്കുന്നത്. ഗെതെസമനയിൽ യേശു പ്രാർത്ഥിച്ചതു പോലെ, "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറണം". പ്രാർത്ഥനയുടെ ഒരു



**ഇതുവരെ എഴുതിയിട്ടുള്ളതിൽ വച്ച് "കർത്താവിന്റെ പ്രാർത്ഥന" എന്ന് അറിയപ്പെടുന്ന പ്രാർത്ഥന ഏറ്റവും വലിയതും പിന്തുടരേണ്ടതുമായ ഒരു മാതൃകയുമാണ്.**


| പത്രാധിപലേഖനം | ബൈബിൾ പഠനം: | അനുബന്ധ ലേഖനം | ചോദ്യവും ഉത്തരവും | നിങ്ങൾക്കറിയാമോ? |
| --- | --- | --- | --- | --- |
| ആഹാരത്തിനായി പ്രാർത്ഥിക്കുന്നു | പ്രാർത്ഥന | പ്രാർത്ഥനയുടെ സിദ്ധാന്തം | | തക്കസമയത്തെ വാക്ക് |
| 3 | 4 | 5 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

വശം, നാം ആയിരിക്കുന്ന എല്ലാറ്റിനെയും, നമുക്കുള്ളതുമെല്ലാം ദൈവത്തിന്റെ മാത്രം ഉപയോഗത്തിനായി സമർപ്പിക്കുന്നതാണ്.

**"ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്ന് ഞങ്ങൾക്കു തരേണമേ" - യാചന/ കേണപേക്ഷിക്കൽ.**

ആരാധനയും സമർപ്പണവും കഴിഞ്ഞ്, ജീവിതത്തിന്റെ ആവശ്യങ്ങൾക്കായി ദൈവത്തെ അന്വേഷിക്കേണ്ട ആവശ്യമാണ് നമുക്ക് ഉള്ളത്. നമ്മുടെ ജീവിതത്തിൽ അവിടുത്തെ ഹിതം നിറവേറ്റുവാനായി ജീവിതത്തോടും ദൈവഭക്തിയോടും ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നാം ദൈവത്തോട് അപേക്ഷി ക്കുന്നു. അതു ശരീരത്തിന് വേണ്ട ആഹാരം മാത്രമല്ല, നമ്മുടെ ബലഹീനതയിൽ വളരുവാനും ശക്തരാകുവാനും നമ്മെ സഹായി ക്കുന്നതിന് ആവശ്യമായ ആത്മീയ കൃപകളും ഉൾക്കൊള്ളുന്നു.

**പ്രാർത്ഥന ദൈവത്തിങ്കലേയ്ക്കുള്ള നമ്മുടെ ജീവിതരേഖയും ഒരു ക്രിസ്ത്യാനിയിൽ അത്യന്തം പ്രാധാന്യം ഉള്ളതുമാണ്.**

**"ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ"- കുറ്റസമ്മതം - മധ്യസ്ഥത**

ദൈവത്തിൽ നിന്നും പാപമോചനത്തിന് നാം അർഹരല്ലെങ്കിലും, നമ്മുടെ പാപങ്ങൾ മാത്രമല്ല, നമ്മുടെ തെറ്റുകളും പരാജയങ്ങളും ക്ഷമിക്കുവാൻ അവിടുന്ന് സന്നദ്ധനും തയ്യാറുമാണ്. നമ്മെ തന്നെ പരിശോധിക്കേണ്ടതും താഴ്മയോടെ നമ്മുടെ സ്വന്തം ആത്മീയ പോരായ്മകൾ ഏറ്റു പറയുന്നതും പ്രധാനമാണ്. ദൈവത്തോട് ക്ഷമ ചോദിക്കുന്നതിൽ ദാനിയേൽ ഇസ്രാ യേലിനുവേണ്ടി മധ്യസ്ഥത വഹിച്ചതുപോലെ, ക്ഷമയുടെ ഒരു പ്രാർത്ഥന വഹിക്കാം.

**"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ" - അനുകമ്പ/ ക്ഷമ**

നമ്മോട് തെറ്റു ചെയ്യുന്നവരോട് കരുണയും അനുകമ്പയും ഉള്ളതിനാൽ ദൈവം നമ്മോട് ക്ഷമിക്കുവാൻ തയ്യാറാണ്. മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തിൽ ദൈവത്തിന്റെ സഹായം തേടുന്നത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന് അത്യന്താപേക്ഷിതമാണ്.

**"ഞങ്ങളെ പരീക്ഷയിൽ കടത്താതെ" - മാർഗ്ഗനിർദ്ദേശം**

പരീക്ഷകളും ആത്മീയ വീഴ്ചകളും യാഥാർത്ഥ്യമാണ്. നാം ദൈവത്തിന്റെ നേതൃത്വത്തെ അനുഗമിച്ചാൽ, നാം പരീക്ഷിക്കപ്പെടും, എന്നാൽ പ്രലോഭനത്തിൽ അകപ്പെട്ട് പാപം ചെയ്യേണ്ടതായി വരില്ല. ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശം തേടുന്നതും അനുഗമിക്കുന്നതും നമ്മെ വളരെയധികം കുഴപ്പങ്ങളിൽ നിന്നും സംരക്ഷിക്കും.

**"ദുഷ്ടങ്കൽ നിന്നും ഞങ്ങളെ വിടുവിക്കണമേ"- സംരക്ഷണം/ ആശ്രയം.**

അതിജീവിക്കുവാനുള്ള ശക്തി നമ്മുടെ സ്വന്തമല്ല, ദൈവത്തിന്റേതാണ്. നമ്മുടെ സഹായത്തിനായി നാം ദൈവത്തിൽ ആശ്രയിക്കുകയാണെങ്കിൽ ശത്രുവിന്റെ കുതന്ത്രങ്ങളിൽ നിന്നും കെണികളിൽ നിന്നും അവിടുന്ന് നമ്മെ വിടുവിക്കും.

**"രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ"- അംഗീകാരം.**

ഞങ്ങൾ ബലഹീനരും അപര്യാപ്തരുമായ സൃഷ്ടികളാണ്, ക്രിസ്തുവിൽ നാം ശക്തരും ദൈവമുമ്പാകെ സ്വീകാര്യമായി ജീവിക്കുവാൻ പ്രാപ്തരുമാണ്. എല്ലാ ശക്തിയും മഹത്വവും ദൈവത്തിനല്ലാതെ മറ്റാർക്കുമല്ല. അവിടുന്ന് എല്ലാ കാര്യങ്ങളും നൽകുന്നവനാണ്. സൃഷ്ടാവിനോടുള്ള വിശ്വാസം, വിനയം, ബഹുമാനം ആരാധന എന്നിവയോടെ പ്രാർത്ഥന അവസാനിപ്പിക്കുന്നു.

**"എന്നേക്കും" - കാലാതീതമായി.** ദൈവരാജ്യത്തിലെ കരുണയ്ക്കും സ്നേഹത്തിനും അന്തമില്ല.

**"ആമേൻ " - സ്വീകരണം.** അങ്ങനെ തന്നെ ആകട്ടെ.

ദൈവവുമായുള്ള ബന്ധത്തിന്റെ താക്കോലാണ് പ്രാർത്ഥന. 30 സെക്കന്റിൽ താഴെ ദൈർഘ്യമുള്ള പ്രാർത്ഥനയിൽ പിതാവിന് സ്വീകാര്യമായ രീതിയിൽ എങ്ങനെ പ്രാർത്ഥിക്കാം എന്നതിന് യേശു ഒരു ബ്ലൂപ്രിന്റ് നൽകിയിരിക്കുകയാണ്. അത് ദൈർഘ്യമേറിയതും മടുപ്പിക്കുന്നതും അല്ല, മറിച്ച് ജീവിതത്തിന്റെ ആവശ്യങ്ങൾക്കായി ദൈവത്തോട് അപേക്ഷിക്കുമ്പോൾ സ്നേഹത്തിന്റെയും ആരാധനയുടെയും ഹൃദയംഗമായ പ്രകടനമായിരുന്നു. ശക്തമായി പ്രാർത്ഥിക്കുന്ന നമ്മുടെ ലോകത്തിൽ നിരവധി വീടുകളിലും സഭകളിലും മനസ്സിലാക്കുവാൻ കഴിയാത്തതും അഹങ്കാരവുമുള്ളതുമായ പല പ്രാർത്ഥനകളിൽ നിന്നും എത്ര വ്യത്യസ്തമാണ് കർത്താവിന്റെ പ്രാർത്ഥന. പ്രാർത്ഥന ദൈവത്തോടുള്ള നമ്മുടെ ജീവിതരേഖയാണ്. ക്രിസ്ത്യാനിയിൽ അത്യന്തം പ്രാധാന്യമുള്ളതാണ്. ഈ പ്രാർത്ഥന ഹൃദയത്തിൽ നിന്നും പറയുമ്പോൾ അതു എഴുതിയതുപോലെ പ്രാർത്ഥിക്കാം, അല്ലെങ്കിൽ അതിന്റെ ഘടകങ്ങൾ നമ്മുടെ സ്വർഗ്ഗീയ പിതാവിനോടുള്ള ദൈനംദിന പ്രാർത്ഥനകളിൽ ഉൾപ്പെടുത്താം. കർത്താവേ ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തെ അറിയിക്കുകയത്രേ വേണ്ടത് - ഫിലിപ്പിയർ 4: 6.*

എല്ലാം കർത്താവിന്റെ അടുക്കൽ കൊണ്ടു വരിക. പ്രാർത്ഥന കാര്യങ്ങളെ മാറ്റി മറിക്കും. ഉത്തരം ലഭിക്കുന്നത് വരെ പ്രാർത്ഥിക്കുക. പ്രാർത്ഥനയാണ് പ്രധാനം. ഈ ഭാഗം പഠിക്കു മ്പോൾ പാട്ടുകളും ശൈലികളും എന്റെ ഹൃദയത്തിൽ പ്രതിധ്വനിപ്പി ക്കുന്നത് പ്രാർത്ഥന യാണ്. പ്രാർത്ഥന പലപ്പോഴും ക്രിസ്ത്യാനി കൾ ഒരു ബുദ്ധിമുട്ടായും കുറ്റബോധം വരുത്തുന്ന ഒന്നായും കാണുന്നു, കാരണം പ്രാർത്ഥന പലപ്പോഴും അവഗണി ക്കപ്പെടുന്നു. പ്രാർത്ഥന ഒരു പദവി ആണെന്നും ദൈവത്തിന്റെ സ്നേഹത്തിനാലും ആത്മാവിനാലും ചൈതന്യം നേടുവാനുള്ള അത്ഭുതകരമായ അവസരമാണെന്നും മനസ്സിലാക്കുവാൻ ദൈവാത്മാവ് നമ്മെ സഹായി ക്കട്ടെ. അത് ദൈവത്തെ ആരാധിക്കു വാനുള്ള അവസരവും നമ്മുടെ ഭാരങ്ങൾ കർത്താ വിന്റെ മേൽ ചുമത്തുവാനുമുള്ള സമയമാണ്. നമ്മെ സ്നേഹി ക്കുവാനും, നമ്മുടെ ഭാര ങ്ങൾ ചുമക്കുവാനും നമ്മെ സഹായിക്കുവാനും, പ്രാപ്തനും സന്നദ്ധനുമായ ദൈവത്തിന് നമ്മുടെ ഹൃദയത്തിന്റെ ആഴം പകരുവാൻ കഴിയുന്നത് എത്ര വലിയ അനുഗ്രഹമാണ്.

വിശ്വാസത്തോടു കൂടി പ്രാർത്ഥനയിൽ ദൈവത്തോട് അടുത്തു ചെല്ലുമ്പോൾ വലിയ ശക്തി ഉണ്ട്. രോഗശാന്തിയുടെ അത്ഭുതങ്ങൾ ഞാൻ അനുഭവിച്ചിട്ടുണ്ട്. ഭൂതങ്ങളെ പുറത്താക്കുകയും കഷ്ടപ്പാടുകളുടെ സമയത്തു സമാധാനം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾക്ക് മാറ്റം ഒന്നും കാണാതിരുന്നപ്പോഴും ഞാൻ പ്രാർത്ഥിച്ചി രുന്നു, എന്നാൽ അപ്പോൾ ആണ് നമ്മുടെ വിശ്വാസം പ്രാർത്ഥനയുടെ ഉത്തരത്തിൽ അല്ല, നാം അന്വേഷിക്കുന്ന ദൈവത്തിന്റെ ജ്ഞാനത്തിൽ ആണ് ഉറപ്പിക്കേണ്ടത് എന്ന് മനസ്സിലാക്കേണ്ടത്. പ്രാർത്ഥന നമ്മെ മാറ്റുന്നു, കാരണം അതു നമ്മെ ദൈവത്തിൽ ആശ്രയിക്കുവാൻ സഹായിക്കുന്നു. അപ്പോഴാണ് ഏറ്റവും ഫലപ്രദമായി ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയുക, കാരണം പ്രാർത്ഥനയുടെ ശക്തി നാം ചെയ്യുന്നതല്ല, ദൈവം തന്റെ നന്മയാലും കരുണയാലും നമുക്കു വേണ്ടി ചെയ്യുന്നതാണ്.


പ്രാർത്ഥന എന്നത് നാം പിന്തുടരേണ്ട ഏതാനം നിയമങ്ങളുടെ ക്രമമോ നമ്മെ തന്നെ വെളിപ്പെടുത്തുവാനുള്ള ഒരു മികച്ച മാർഗ്ഗമോ അല്ല. ഉപദേശങ്ങൾക്കും പഠിപ്പിക്കലുക ൾക്കും അപ്പുറം പ്രാർത്ഥന നമ്മുടെ കർത്താവും രക്ഷകനുമായവനിലേയ്ക്ക് വ്യക്തിഗ തമായ ആശയവിനിമയ ത്തിലേയ്ക്കും വെളിപ്പെടുത്തലിലേയ്ക്കും പോകുന്നു. നാം ഉപദേശത്തിൽ കുടുങ്ങി പോകുകയില്ല എന്ന് വിശ്വസിക്കുന്നു. ഉപദേശം പ്രാധാന്യം ഉള്ളപ്പോൾ തന്നെ പ്രാർത്ഥനയുടെ അനുഗ്രഹം കാണുന്നതും അതിലും പ്രാധാന്യമുള്ള താണ്. പ്രാർത്ഥനയെക്കുറിച്ചുള്ള അനേകം തിരുവെഴുത്തുകൾ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്തപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഈ പത്രം ബൈബിൾ പഠിപ്പി ക്കുന്ന കാര്യങ്ങളുടെ ഒരു മാതൃകമാത്രമാണ്, ഒരിക്കലും പൂർണ്ണമായതല്ല. പ്രാർത്ഥനയിൽ കർത്താവിനൊപ്പം ശാന്തമായ ഒരു സ്ഥലം സ്ഥിരമായി കണ്ടെത്തുവാനുള്ള വെല്ലുവിളി ഓരോ വായനക്കാരനും ഏറ്റെടുക്കണം എന്നുള്ളതാണ് എന്റെ പ്രാർത്ഥന. അത് ആത്മീയ വളർച്ച വർദ്ധിപ്പിക്കുമെന്നും വ്യക്തിപരമായ പല പ്രശ്നങ്ങൾ, വിവാഹ പ്രശ്നങ്ങൾ, സഭാപരമായ ബുദ്ധിമുട്ടുകൾ എന്നിവയ്ക്ക് എല്ലാം പരിഹാരം ആകും എന്ന് നിങ്ങൾക്കും മനസ്സിലാകും. ദൈവത്തിന്റെ കൃപയാൽ അതു നിങ്ങളെ മാറ്റുന്നതായി നിങ്ങൾ കണ്ടെത്തും. പ്രതീക്ഷയോടെ നമുക്ക് പ്രാർത്ഥിക്കാം.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

# ആഹാരത്തിനായി പ്രാർത്ഥിക്കുന്നു



ഒന്നിലധികം സന്ദർഭങ്ങളിൽ തിരുവെഴുത്തുകളിൽ ആഹാരത്തിനു മുമ്പ് പ്രാർത്ഥിക്കുന്നത് നാം വായിക്കുന്നു. “അവൻ സ്വർഗ്ഗത്തിലേക്ക് നോക്കി വാഴ്ത്തി, അപ്പം നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു”(മത്തായി 14:19). വിവിധ ഭാഗങ്ങളിൽ സുവിശേഷ എഴുത്തുകാർ “അനുഗ്രഹം” എന്ന വാക്കും മറ്റുള്ളവർ “നന്ദി അർപ്പിച്ചു” എന്നും ഉപയോഗിച്ചിരിക്കുന്നു. അപ്പം മാത്രം അനുഗ്രഹിക്കുന്ന യഹൂദ ആചാരത്തെ പിന്തുടരാതെ അതു നൽകിയ ദൈവത്തിനു നന്ദി പറയുന്ന രീതി ആയിരുന്നു ക്രിസ്തു സ്വീകരിച്ചത് എന്നത് ശ്രദ്ധേയമാണ്. ദൈവത്തിനു നന്ദി പറയാതെ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നത് യഹൂദന്മാർക്കു വിലക്കിയിരുന്നു.


യഹൂദന്മാർ നന്ദി പറയുന്നത് ഇങ്ങനെ വായിക്കുന്നു:“ഭൂമിയിൽ നിന്ന് അപ്പം പുറപ്പെടുവിക്കുന്നതായ ഞങ്ങളുടെ ദൈവമായ പ്രപഞ്ചത്തിന്റെ രാജാവായ കർത്താവേ അങ്ങ് വാഴ്ത്തപ്പെട്ടവൻ”

അന്നത്തെ ആചാരവും മാതൃകയും “ഭക്ഷണത്തെ അനുഗ്രഹിക്കുക എന്നല്ല, ഭക്ഷണം നൽകിയ ദൈവത്തിന് അനുഗ്രഹവും നന്ദിയും അർപ്പിക്കുക എന്നതായിരുന്നു. പൗലൊസ് അപ്പം എടുത്ത് എല്ലാവരും കാൺകെ ദൈവത്തിന് വാഴ്ത്തിയിട്ടു നുറുക്കി തിന്നു തുടങ്ങി അപ്പോൾ എല്ലാവരും ധൈര്യപ്പെട്ടു ഭക്ഷണം കഴിച്ചു (അപ്പോ. പ്രവർ. 27: 35).

പൊതുവിലോ സ്വാകാര്യവുമോ ആയ എല്ലാ അവസരങ്ങളിലും ദൈവത്തിന് കരുതലിന് നന്ദി പറയേണ്ടതിന് പിന്തുടരേണ്ട ഒരു ആചാരമാണ് ഇത്.

# ബൈബിൾ പഠന സഹായി

## വിഷയം : പ്രാർത്ഥന



**വായന ഭാഗം :** *ഇടവിടാതെ പ്രാർത്ഥിക്കുക* – 1 തെസ്സലോനിക്യർ 5:17

**നിർവ്വചനം :** പ്രാർത്ഥന ദൈവവുമായി ആശയവിനിമയം നടത്തുന്നതും അന്യോന്യം ഇടപെടുന്നതുമാണ്. "അതിൽ ആരാധന അല്ലെങ്കിൽ ദൈവത്തിന്റെ മഹത്വപൂർണ്ണമായ പൂർണതയെക്കുറിച്ചുള്ള നമ്മുടെ ബോധം, നമ്മുടെ പാപങ്ങളുടെ ഏറ്റു പറച്ചിൽ, കരുണയ്ക്കും പാപമോചനത്തിനും വേണ്ടിയുള്ള അപേക്ഷ, മറ്റുള്ളവരുടെ അനുഗ്രഹത്തിനുവേണ്ടിയുള്ള മദ്ധ്യസ്ഥത, നന്ദിപ്രകടനം എന്നിവ ഉൾക്കൊള്ളുന്നു" (വെബ്സ്റ്റേഴ്സ് നിഘണ്ടു 1828).

**രത്നചുരുക്കം :** മനുഷ്യരാശിക്ക് ദൈവവുമായി വ്യക്തമായ പരിചയവും കൂട്ടായ്മയും ഉണ്ടാക്കുന്നതിന് അത്യാന്ത്യാപേക്ഷിതമാണ് പ്രാർത്ഥന. ദൈവത്തെ ആരാധിക്കുവാനും മഹത്വപ്പെടുത്തുവാനുമുള്ള ഒരു ഉപാധിയാണ് പ്രാർത്ഥന. ഇത് ഒരാൾക്ക് രക്ഷയിലേയ്ക്കും ആത്മാവിന്റെ കൃപയിലേയ്ക്കും പ്രവേശിക്കുവാനുള്ള മാർഗ്ഗമാണ്. ദൈവഹിതം അറിയുവാനും മനസ്സിലാക്കുവാനും ഗ്രഹിക്കുവാനും മനുഷ്യനെ പ്രാപ്തനാക്കുവാൻ സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ എത്തുന്ന ചരടാണ് പ്രാർത്ഥന. പ്രാർത്ഥന ഹൃദയത്തെ മാറ്റുകയും വിശ്വാസത്താലും ദൈവശക്തിയാലും സാഹചര്യങ്ങളെ മാറ്റുകയും വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നുമാണ്.

### I. പ്രാർത്ഥന കല്പിക്കപ്പെട്ടിരിക്കുന്നു

A. "മടുത്തു പോകാതെ പ്രാർത്ഥിക്കണം". ലൂക്കോസ് 18:
B. "പ്രാർത്ഥനയിൽ ഉറ്റിരിക്കുവിൻ". കൊലൊസ്യർ 4:2
C. "യാചിക്കുവിൻ, അന്വേഷിക്കുവിൻ, മുട്ടുവിൻ. ലൂക്കൊസ് 11: 9– 10

### II. പ്രാർത്ഥനയുടെ ആവശ്യം/ മൂല്യം / ശക്തി

A. ബന്ധം/ ആശയവിനിമയം. ഉല്പത്തി 5: 24 യിരെമ്യാവ് 29: 11–13, യോഹന്നാൻ 15:5
B. ആരാധന സങ്കീർത്തനങ്ങൾ 103: 1
C. രക്ഷ. അപ്പൊ. പ്രവർത്തികൾ 2: 21
D. സൗഖ്യം. യാക്കോബ് 5 : 13 – 16
E. കൃപ / ശക്തി. എബ്രായർ 4 : 16
F. ജ്ഞാനം – യാക്കോബ് 1: 5
G. സംരക്ഷണം നല്കപ്പെടുവാൻ. 1 പത്രോസ് 5 : 6–7, സങ്കീ. 107:28–30
H. അതിജീവിക്കുവാനുള്ള ശക്തി. മത്തായി 26 : 41

### III. എങ്ങനെ പ്രാർത്ഥിക്കണം

A. യേശുവിന്റെ നാമത്തിൽ . യോഹ. 16: 23
B. വിശ്വാസത്തോടെ. എബ്രായർ 11.6
C. താഴ്മയോടെ. യാക്കോബ് 4 : 6
D. ആത്മാവിൽ. യൂദാ 1 : 20
E. സ്തോത്രത്തോടെ. ഫിലിപ്പിയർ 4: 6
F. ജല്പനം കൂടാതെ. മത്തായി 6 : 7–8

### IV. ആരുടെ പ്രാർത്ഥന ദൈവം കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നു

A. താഴ്ത്തുകയും ദുർമാർഗ്ഗം വിട്ടുതിരിയുകയും ചെയ്യുന്നവരുടെ. 2 ദിന. 7:14
B. വിടുതലിനായി വിളിച്ചപേക്ഷിക്കുന്നവരുടെ. യോവേൽ 2 : 32; സങ്കീർ. 86:7
C. അനുസരണമുള്ളവരുടെ. യാക്കോബ് 5:16; 1 പത്രോസ് 3:12 ; 1 യോഹന്നാൻ 3 : 22
D. വിശ്വസിക്കുന്നവരുടെ. എബ്രായർ 11:6; മർക്കോസ് 11 : 24.
E. ദൈവത്തിന്റെ ഇഷ്ടം ചോദിക്കുന്നവരുടെ 1 യോഹന്നാൻ 5: 14 – 15
F. ആത്മാവിൽ പക്ഷവാതം ചെയ്യുന്നവരുടെ റോമർ 8: 26 – 27.

### V. ആർക്കുവേണ്ടി പ്രാർത്ഥിക്കണം

A. നമുക്കുവേണ്ടി. സങ്കീർത്തനങ്ങൾ 55: 16; 2 കൊരിന്ത്യർ 12 : 8–10.
B. വിശുദ്ധന്മാർക്കും / ശുശ്രൂഷകന്മാർക്കും. 1 തെസ്സ. 1: 2 ; എഫേസ്യർ 6:18–19; 2 തെസ്സ. 3:1.
C. കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ. ലൂക്കോസ് 10: 2
D. രക്ഷിക്കപ്പെടാത്തവർക്കു. റോമർ 10:1
E. ശത്രുകൾക്ക്. മത്തായി 5: 44
F. രാജ്യത്തിനും/ ഭരണകർത്താക്കൾക്കും, 1 തിമൊഥെയോസ് 2 : 1–3

### VI. പ്രാർത്ഥനയുടെ തടസ്സങ്ങൾ

A. പാപം. സദൃശവാക്യങ്ങൾ. 15 : 29; യോഹന്നാൻ 9:31
B. ഭോഗങ്ങളിൽ ചെലവഴിക്കേണ്ടതിന് . യാക്കോബ് 4 : 3
C. മറ്റുള്ളവരോട് ക്ഷമിക്കാതെയിരുന്നാൽ. മർക്കോസ് 11:25 – 26
D. സ്വയ– നീതീകരണം. ലൂക്കോസ് 18 : 9 – 14
E. ഭാര്യ ഭർതൃബന്ധത്തിലെ പൊരുത്തക്കേടുകൾ 1 പത്രോസ് 3: 7

### VII. എവിടെ പ്രാർത്ഥിക്കണം

A. രഹസ്യമായി. മത്തായി 6:5 –6 ; 14 : 23
B. പരസ്യമായി. അപ്പൊ.പ്രവ. 4:31 ; 12 : 5, 12

### VIII. പ്രാർത്ഥിക്കുന്നവർക്കുള്ള വാഗ്ദത്തങ്ങൾ

A. അതു നല്കപ്പെടും. മത്തായി 7:7– 8
B. രണ്ടു പേർ ഐകമത്യപ്പെടുന്നു. മത്തായി 18 : 19
C. ചോദിക്കുന്നത് എന്തും ലഭിക്കും. യോഹന്നാൻ 15 : 7


### ഉപസംഹാരം

*എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ*
*– 1 പത്രോസ് 4:7*

# പ്രാർത്ഥനയുടെ സിദ്ധാന്തം

## നമ്മുടെ സൃഷ്ടാവുമായി ആശയവിനിമയം നടത്തുവാനുള്ള ആഹ്വാനം

**ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ പ്രതിഫലനമാണ് പ്രാർത്ഥന. ഏതു സമയത്തും, ഏതു സ്ഥലത്തും, ഏതു സാഹചര്യത്തിലും ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുവാനും അവനുമായി ആശയവിനിമയം നടത്തുവാനും കഴിയുന്നത് ഒരു മഹാപദവിയാണ്. പ്രാർത്ഥന എന്തെങ്കിലും ആവശ്യപ്പെടുന്ന സമയം മാത്രമല്ല, ആരാധനയുടെയും ആത്മീയ നവീകരണത്തിന്റെയും സമയം കൂടിയാണ്.**



**ക്രിസ്തുവിൽ വസിക്കുവാനും അവന്റെ സ്വഭാവത്തിൽ പങ്കു ചേരുന്നതിനും ആത്മീയ ഫലം പുറപ്പെടുവിക്കുന്നതിനുമുള്ള പ്രധാന ഉറവിടം പ്രാർത്ഥനയാണ്.**

### ക്രിസ്തു ഉപദേശിച്ചത്

“മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കേണം” (ലൂക്കോസ് 18:1) എന്ന് യേശു നിർദ്ദേശിച്ചു. “പ്രാർത്ഥനയിൽ ഉറ്റിരിക്കുവിൻ സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ” (കൊലൊ. 4: 2) എന്ന തിരുവെഴുത്തിൽ ഇത് ആവർത്തിച്ച് ഉറപ്പാക്കപ്പെട്ടിരിക്കുന്നു. മനുഷ്യവർഗ്ഗവുമായി അടുത്തതും വ്യക്തിപരവുമായ ഒരു ബന്ധം ഉണ്ടായിരിക്കുക എന്നത് ദൈവത്തിന്റെ ആഗ്രഹമാണ്. സഫലമായ ഒരു ബന്ധത്തിന് സമയവും പോഷണവും ആവശ്യമായിരിക്കുമ്പോൾ തന്നെ, ജനത്തിന് ദൈവവുമായി ബന്ധപ്പെടുവാനുള്ള വഴിയുമാണ് പ്രാർത്ഥന. ആശയവിനിമയം കൂടാതെ  ഒരു വലിയ ബന്ധം ഉണ്ടാകുകയില്ല. ഹാനോക്കിനെ പോലെ നാം ദിവസവും ദൈവത്തിനോടൊപ്പം നടക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഒരു കൊമ്പ് മുന്തിരിവള്ളിയിൽ വസിക്കുന്നതു പോലെ തന്നിൽ വസിക്കുവാൻ യേശു ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. ക്രിസ്തുവിൽ വസിക്കുവാനും അവന്റെ സ്വഭാവത്തിൽ പങ്കു ചേരുന്നതിനും ആത്മീയ ഫലം പുറപ്പെടുവിക്കുന്നതിനുമുള്ള പ്രധാന ഉറവിടം പ്രാർത്ഥനയാണ്. യാക്കോബ് 4: 8 ൽ പറയുന്നത്, “ദൈവത്തോട് അടുത്ത് ചെല്ലു വിൻ എന്നാൽ അവൻ നിങ്ങളോടും അടുത്തു വരും” എന്നാണ്.

### ആത്മാർത്ഥവും ഹൃദയംഗവുമായ പ്രാർത്ഥന

മന:പാഠമാക്കിയ ഒരു പ്രാർത്ഥനാ കുറിപ്പ് ഉദ്ധരിക്കുന്നതിനെക്കാൾ അപ്പുറമാണ് യഥാർത്ഥ പ്രാർത്ഥന. അത് ഹൃദയത്തിൽ നിന്ന് ഉത്സാഹത്തോടെ ദൈവത്തെ അന്വേഷിക്കുകയും രക്ഷകനിലേക്ക് എത്തുകയും ചെയ്യുന്നതാണ്. “നിങ്ങൾ എന്നോട് അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും”. (യിരെമ്യാവ് 29:12– 13). കർത്താവിനെ ആരാധിക്കുവാനും അവിടുത്തെ നാമം ഉയർത്തുവാനുമുള്ള സമയമാണ് പ്രാർത്ഥന. അതു ഹൃദയത്തേയും മനസ്സിനെയും ദൈവത്തിൽ നിന്ന് സ്വീകരിക്കുവാനുള്ള ഒരു അവസ്ഥയിൽ ആക്കുകയും കൂടുതൽ ക്രിയാത്മകമായി വീക്ഷിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

### വാതിലുകൾ തുറക്കുന്നതിനുള്ള താക്കോൽ

പ്രാർത്ഥനയുടെ മൂല്യവും ശക്തിയും ഒരിക്കലും കുറച്ചു കാണുവാൻ പാടില്ല, കാരണം യഥാർത്ഥ പ്രാർത്ഥനയാണ് പല വാതിലുകളും തുറക്കുവാനുള്ള താക്കോൽ. ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനയാണ് ആത്മാവിനു രക്ഷ നൽകുന്നത്. “കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും (അപ്പൊ. പ്രവർത്തികൾ 2:21). തന്റെ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തോട് അപേക്ഷിക്കുന്ന പ്രാർത്ഥനയാണ് സ്വഭാവികമായി രോഗിക്ക് സൗഖ്യം നൽകുന്നത്.

നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ സൗഖ്യമാക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും” (യാക്കോബ് 5 : 14 – 15). പ്രാർത്ഥന തിരുവെഴുത്തുകളിൽ പല തവണ കാര്യങ്ങളെ മാറ്റി മറിക്കുന്നതായും ഈ തലമുറയിൽ ദൈവജനത്തിനായി അതു തുടരുകയും ചെയ്യുന്നു.


### എന്റെ അടുക്കൽ വരുക

ജീവിതത്തിന്റെ പ്രശ്നങ്ങളിലും സമ്മർദ്ദങ്ങളിലും ജീവിത പ്രശ്നങ്ങളിലും “കരുണ ലഭിക്കുവാനും തക്ക സമയത്തു സഹായത്തിനുള്ള കൃപ  പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്റെ അടുത്തേക്ക് ചെല്ലുവാനാണ് ദൈവത്തിന്റെ ക്ഷണം (എബ്രായർ 4:16). ഹൃദയംഗവും, തകർന്നതും, ആവശ്യബോധത്തോടും അവിടുത്തെ അന്വേഷിക്കുന്ന പ്രാർത്ഥനയിലാണ് കർത്താവ് കൃപ ചെയ്യുന്നത്. എത്ര അധികം കൃപയും സമാധാനവുമാണ് ജനങ്ങൾ പ്രാർത്ഥനയിൽ സമയം ചെലവഴിക്കുന്നതിൽ പരാജയപ്പെടുന്നതിനാൽ നഷ്ടപ്പെടുന്നത്. നമ്മുടെ സകല ചിന്താകുലവും രക്ഷകന്റെ മേൽ ഇട്ടുകൊണ്ട് ആശ്വാസം കണ്ടെത്തുവാനുള്ള സമയമാണ് പ്രാർത്ഥന (1 പത്രോസ് 5: 6– 7). എത്ര മനോഹരമായിട്ടാണ് സങ്കീർത്തനങ്ങൾ 107: 28 – 30 വാക്യങ്ങൾ ഈ യാഥാർത്ഥ്യം വരച്ചു കാണിക്കുന്നത്: “അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു ; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു, അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്തു അവൻ അവരെ എത്തിച്ചു.”

### പരസ്പര ആശയവിനിമയം

പ്രാർത്ഥന ഒരു വശത്തേക്കു മാത്രമുള്ള ആശയവിനിമയം അല്ല ; ധ്യാനത്തിന്റെ ശാന്തതയിൽ ആത്മാവിനെ ശ്രവിക്കുന്ന സമയം കൂടിയാണ് അത്. ആ പ്രാർത്ഥനാ സ്ഥലം ദൈവത്തിൽ നിന്നുള്ള ശക്തിയാൽ ദിവസത്തെ മുഴുവൻ അഭിമുഖീകരിക്കുവാൻ ക്രിസ്ത്യാനിയെ സജ്ജമാക്കുന്നു. മതപരമല്ലാത്ത പഠനങ്ങൾ പോലും പ്രാർത്ഥന സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുമെന്നും കൂടുത് ധനാത്മകമായി കാര്യങ്ങളെ കാണുവാൻ സഹായിക്കുമെന്നും തെളിയിച്ചിട്ടുണ്ട്.

മാർഗ്ഗ നിർദ്ദേശത്തിനും ജ്ഞാനത്തിനുമായി ദൈവത്തെ അന്വേഷിക്കുവാനുള്ള അവസരമാണ് പ്രാർത്ഥന (യാക്കോബ് 1 : 5). പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്. (മത്തായി 26: 41). ശത്രുവിന്റെ കെണികളും ചതിക്കുഴികളും തരണം ചെയ്യുവാനുള്ള ശക്തിയുടെ ഉറവിടമാണ് പ്രാർത്ഥന.



**ആത്മാവിന്റെ ഭാരവും നിസ്സഹായതയും നിമിത്തം ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളിൽ ദൈവത്തിന്റെ ആത്മാവ് ദൈവ ഹിത പ്രകാരം വിശുദ്ധന്മാർക്കു വേണ്ടി തുണ നിൽക്കും" എന്നറിയുന്നത് എത്ര അനുഗ്രഹമാണ്.**

## എങ്ങനെ പ്രാർത്ഥിക്കാം

എങ്ങനെ പ്രാർത്ഥിക്കണം എന്ന് ബൈബിൾ ഉപദേശത്തിലൂടെയും മാതൃകയിലൂടെയും പഠിപ്പിക്കുന്നു. ക്രിസ്ത്യാനികൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം (യോഹന്നാൻ 16:23). യേശുവിന്റെ നാമത്തിനു ശക്തിയുണ്ട്, അത് ബഹുമാനത്തോടെയും അധികാരത്തോടെയും ഉണർത്തണം. വ്യക്തികൾ ദൈവത്തെ വിശ്വാസത്തോടെ അന്വേഷിക്കണം, "തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം ഉണ്ട്" (എബ്രായർ 11: 6). "ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു" (യാക്കോബ് 4 : 6). ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ നന്ദിയോടെ ദൈവത്തോട് പ്രാർത്ഥിക്കണം. "വ്യർത്ഥമായ ജല്പനങ്ങൾ ഇല്ലാതെ ലാളിത്യത്തോടെ പ്രാർത്ഥിക്കുവാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 6: 7 – 8). പ്രാർത്ഥനയിൽ അപേക്ഷിക്കുന്നതിനു മുമ്പു തന്നെ ദൈവം നമ്മുടെ ആവശ്യങ്ങൾ അറിയുന്നു. പ്രാർത്ഥനകൾ ഒരിക്കലും മറ്റുള്ളവരെ കാണിക്കുന്നതിനോ ആകർഷിക്കുന്നതിനോ ആയിരിക്കരുത്, മറിച്ച് ദൈവവുമായി ആത്മാവിൽ ബന്ധപ്പെടുവാൻ ആയിരിക്കണം. ആത്മാവിന്റെ ഭാരവും നിസ്സഹായതയും നിമിത്തം ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളിൽ ദൈവത്തിന്റെ ആത്മാവ് ദൈവഹിത പ്രകാരം വിശുദ്ധന്മാർക്കുവേണ്ടി തുണനിൽക്കും" (റോ.8:26–27) എന്നറിയുന്നതെത്ര അനുഗ്രഹമാണ്.

## കർത്താവ് ആരെ കേൾക്കുന്നു

ചില വ്യവസ്ഥകൾക്കു വിധേയമായി ദൈവം തന്റെ ചെവി ചായിക്കുകയും ജനത്തിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുകയും ചെയ്യുന്നു എന്ന് പല ഭാഗങ്ങളിലും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദുർമാർഗ്ഗങ്ങളെ വിട്ടു തിരിഞ്ഞ് താഴ്മയോടെ പ്രാർത്ഥിക്കുന്ന ആത്മാക്കൾക്ക് ദൈവം ഉത്തരം നൽകുന്നു. (2 ദിന. 7 : 14). ആവശ്യബോധത്തോടെ യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരുടെയും പ്രാർത്ഥനയ്ക്ക് അവിടുന്ന് ഉത്തരം നൽകുന്നു. (യോവേൽ 2 :32). നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോ 5: 16). അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവനു പ്രസാദമുള്ളതു ചെയ്യുന്നത് കൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും (1 യോഹ. 3:22). അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നത് ഒക്കെയും ലഭിച്ചു എന്ന് വിശ്വസിക്കുവിൻ എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും (മർക്കൊ.11:24). അവന്റെ ഇഷ്ടപ്രകാരം നാം അപേക്ഷി ക്കുന്നത് ഒക്കെയും അവൻ നമുക്കു നൽകും (1 യോഹന്നാൻ 5: 14– 15).

## ഫലവത്തായ പ്രാർത്ഥന

പ്രാർത്ഥനയുടെ ഫലപ്രാപ്തിയെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളും ഉണ്ട്. യോഹ. 9:31 ൽ "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല" എന്നും സദൃശവാക്യങ്ങൾ 15:29 ൽ "യഹോവ ദുഷ്ടന്മാരോട് അകന്നിരിക്കുന്നു ; നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു എന്നും പറഞ്ഞിരിക്കുന്നു. സകലത്തിന്റെയും കർത്താവായ ദൈവം എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം നൽകുന്നില്ല, വിശേഷാൽ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കുകയാൽ ഒന്നും ലഭിക്കുന്നില്ല (യാക്കോ. 4:3). ക്ഷമിക്കുവാൻ കഴിയാത്തവരുടെയും (മർ. 11 : 25– 26) സ്വയനീതിക്കാരുടെയും (ലൂക്കോ 18 : 9– 14) പ്രാർത്ഥന വിഫലമാണ്. കുടുംബങ്ങളിൽ വിവാഹ ജീവിതത്തിലെ പ്രശ്നങ്ങളും കൃപയുടെ കുറവും പ്രാർത്ഥനയ്ക്ക് തടസ്സമാണ്. "അങ്ങനെ ഭർത്താക്കന്മാരെ നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന്നു....ബഹുമാനം കൊടുപ്പിൻ" (1 പത്രോ. 3: 7).

## പ്രാർത്ഥനയുടെ വിഷയങ്ങൾ

പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന നിരവധി ആളുകളും കാര്യങ്ങളും ബൈബിളിൽ ഉണ്ട്. ആരാധനയ്ക്കും സ്തോത്രത്തിനും ശേഷം വ്യക്തിപരമായ ആത്മീയ വളർച്ചയ്ക്കും ശക്തിക്കും സ്വയം പ്രാർത്ഥിക്കാവു ന്നതാണ് – ഭാരപ്പെടുന്നതും, താല്കാലികമായ ആവശ്യങ്ങൾക്കും, രക്ഷിക്കപ്പെടാത്തവർക്കും, ശത്രുക്കൾക്കും, വിശുദ്ധന്മാർക്കും, ശുശ്രൂഷകന്മാർക്കും, സുവിശേഷ വേലയ്ക്കായി ആളുകളെ അയയ്ക്കുന്നതിനും, രാഷ്ട്രങ്ങൾക്കും ഭരണാധികാരികൾക്കും വേണ്ടിയുള്ള പ്രാർത്ഥനകൾ എല്ലാം തിരുവചനത്തിലെ ഉദ്ദേശത്തിനും അനുസൃതവും ആയിരിക്കണം.

## രഹസ്യവും പരസ്യവുമായ പ്രാർത്ഥന

രഹസ്യപ്രാർത്ഥനയുടെയും പരസ്യപ്രാർത്ഥനയുടെയും സമയങ്ങളും ബൈബിളിൽ ഉദാഹരിച്ചിരിക്കുന്നു. യേശുവിനുതന്നെ പിതാവിങ്കൽ നിന്ന് പ്രാർത്ഥനയുടെ ശക്തിയുടെ ഉറവിടം ആവശ്യമായിരുന്നതിനാൽ പല തവണ ഒറ്റയ്ക്ക് പ്രാർത്ഥിക്കുവാൻ പോയി. ദൈവജനം ഒരുമിച്ച് പ്രാർത്ഥിക്കുകയും പ്രത്യേക ആവശ്യങ്ങൾക്കായി പിതാവിന്റെ മുമ്പാകെ ഒന്നായി മദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നതിന് നിരവധി രേഖകൾ ഉണ്ട്. ഒരുമിച്ചുള്ള പ്രാർത്ഥനയിൽ ശക്തിയുണ്ട്. അത് ദൈവത്തിന്റെ സന്നിധിയിലേക്ക് ധൂപമായി ഉയരുന്നു. വ്യക്തിപരമായ ആവശ്യങ്ങൾ ദൈവമുമ്പാകെ പകരുവാനുള്ള സമയമാണ് രഹസ്യ പ്രാർത്ഥന. പരസ്യമായ പ്രാർത്ഥനയിൽ അതിന്റെ ഉള്ളടക്കത്തിലും ദൈർഘ്യത്തിലും ശ്രോതാക്കളെ മാനിക്കണം.

## എപ്പോൾ പ്രാർത്ഥിക്കണം

ചരിത്രപരമായി യഹൂദന്മാർക്ക് രാവിലെയും രാത്രിയിലും പ്രാർത്ഥനയുടെ സമയം ഉണ്ടായിരുന്നു; ചിലർ ഉച്ചയ്ക്ക് കൂടി പ്രാർത്ഥിച്ചിരുന്നു. ദാനിയേൽ ദിവസം 3 പ്രാവശ്യം പ്രാർത്ഥിച്ചു (ദാനിയേൽ 6:10). പുതിയ നിയമം ഒരു പ്രത്യേക സമയം പ്രാർത്ഥനയ്ക്ക് ആവശ്യപ്പെടുന്നില്ല, എന്നാൽ "ഇടവിടാതെ പ്രാർത്ഥിക്കുക" എന്നാണ് പഠിപ്പിക്കുന്നത് (1 തെസ്സ 5: 17). ദൈവപൈതലിന് നിരന്തരമായ പ്രാർത്ഥനയുടെ ആത്മാവ് ഉണ്ടായിരിക്കണം. പ്രാർത്ഥിക്കുവാനും, കർത്താവിനെ അന്വേഷിക്കുവാനും പ്രത്യേകമായ സമയം നീക്കിവയ്ക്കേണ്ടത് പ്രധാനമാണ്. ഒരു ദിവസത്തെ അഭിമുഖീകരിക്കുന്നതിന് മുമ്പ് രാവിലെയും പിന്നീട് ദിവസത്തിന്റെ അവസാനത്തിലും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുന്നതിലും മികച്ചത് മറ്റെന്താണ് ഉള്ളത്? പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും തുടർമാനമായ സമയങ്ങൾ ആത്മീയത വർദ്ധിപ്പിക്കും.

## ഉണർന്നിരുന്നു പ്രാർത്ഥിക്കുക

ദൈവത്തിൽ നിന്ന് ഒരു താല്ക്കാലിക ഉത്തരം ലഭിക്കുന്നതിനെക്കാളും, നമ്മുടെ മനസ്സിനെയും ആത്മാവിനെയും മാറ്റുന്നതിനെക്കുറിച്ചോ അതിലധികമോ ആയി ദൈവവുമായുള്ള ബന്ധമാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ ശക്തിയും ഫലവും ഉണ്ട്. അപ്പൊസ്തലനായ പത്രൊസിന്റെ വാക്കുകൾ "എല്ലാറ്റിന്റെയും അവസാനം അടുത്തിരിക്കുകയാൽ നിങ്ങൾ സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ" എന്നാണ്. ■

## വിവിധ പ്രാർത്ഥനകൾ

**ആരാധന**

ദൈവത്തെ മഹത്വപ്പെടുത്തുക

**അനുതാപം**

ദൈവത്തോട് ക്ഷമ ചോദിക്കുക

**അപേക്ഷ**

ദൈവത്തിന്റെ പ്രീതിക്കായി യാചിക്കുക

**മദ്ധ്യസ്ഥത**

മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുക

**സ്തോത്രാർപ്പണം**

ദൈവത്തിനു നന്ദി പ്രകടിപ്പിക്കുക

## ചോദ്യവും ഉത്തരവും

### രഹസ്യ പ്രാർത്ഥനയുടെ ഭാഷയെക്കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്?

ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരുടെ അനുഭവങ്ങളും ആചാരങ്ങളുമോ അല്ല, ബൈബിൾ ആണ് നമ്മെ നയിക്കേണ്ടത്. അജ്ഞാതവും സ്വർഗ്ഗീയവുമായ ഒരു ഭാഷയിൽ രഹസ്യമായി പ്രാർത്ഥിക്കുന്നത് തിരുവെഴുത്തു പഠിപ്പിക്കുന്നില്ല. ക്രിസ്തുവിനെക്കാൾ ആരുടെ മാതൃകയാണ് പിന്തുടരുവാൻ നല്ലതുള്ളത്? വ്യക്തതയോടും ലാളിത്യത്തോടും കൂടി പ്രാർത്ഥിക്കുവാൻ ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 6: 9 – 13).

“ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കി ലോ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു”എന്ന് 1 കൊരി 14:14 ആളുകൾ പലപ്പോഴും ഉദ്ധരിക്കാറുണ്ട്. അജ്ഞാതമായത് വിവർത്തകർ ചേർത്തിട്ടുണ്ടെ ങ്കിലും “ഭാഷ” എന്ന വാക്ക് ഗ്ലോസ്സ ആണ്. അതായത് ഒരു വിദേശഭാഷ. അത് പൊരുത്തക്കേ ടുകളോടു കൂടിയ പ്രാർത്ഥന അല്ല അർത്ഥമാക്കു ന്നത്. അത് അർത്ഥമാക്കുന്നത് ആരെങ്കിലും ഒരു വിദേശഭാഷയിൽ പ്രാർത്ഥിച്ചാൽ അവിടെയു ള്ളവർ ആരും ആ പ്രാർത്ഥന ഗ്രഹിക്കാതെയും, ഗ്രഹിക്കാത്ത പ്രാർത്ഥന നിഷ്ഫലവും ആയിരി ക്കും. 15-ാം വാക്യത്തിൽ ഇതു കൂടുതൽ വ്യക്ത മാക്കുന്നു“ ആകയാൽ എന്ത്? ഞാൻ ആത്മാവു കൊണ്ടും പ്രാർത്ഥിക്കും ബുദ്ധികൊണ്ടും പ്രാർ ത്ഥിക്കും; ആത്മാവു കൊണ്ടുപാടും ബുദ്ധി കൊണ്ടും പാടും”

ജാതികളെപ്പോലെ ജല്പനം ചെയ്യരുത് എന്ന് മത്തായി 6: 7 ൽ യേശുവും പഠിപ്പിക്കുന്നു. നമ്മു ടെ പ്രാർത്ഥനകൾ ഹൃദയത്തിന്റെ ഉദ്ദേശത്തിനും ധാരണയ്ക്കും ഒത്തു പോകേണ്ടതാണ്.

*അന്യഭാഷയിൽ പ്രാർത്ഥിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഗോസ്പൽ ട്രൂത്ത് ലക്കം 9 കാണുക.*

### പ്രാർത്ഥനയ്ക്കുള്ള ശരിയായ രീതി ഏതാണ്?

പ്രാർത്ഥിക്കുവാൻ ശാരീരികമായി നിലയുറപ്പിക്കേണ്ട ശരിയായ ഒരു രീതിയും ഇല്ല. ക്രിസ്തുവിന് മുമ്പുള്ള യഹൂദന്മാരുടെ ഇടയിൽ പ്രാർത്ഥനയുടെ സാധാരണയായ രീതി നിൽക്കുക ആയിരുന്നു. ഒരു കുട്ടിക്കു വേണ്ടി ഹന്നാ ദൈവാലയത്തിൽ നിൽക്കുക ആയിരുന്നു എന്നു തോന്നുന്നു (1 ശമുവേൽ 1 : 26). “നിങ്ങൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ ........ ക്ഷമിക്കുവിൻ എന്ന് യേശു പറഞ്ഞു (മർക്കൊസ് 11 :25).

പരമ്പരാഗതമായി പ്രത്യേക ആഘോഷവേളകളിൽ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു, ദാനിയേൽ ദിവസത്തിൽ 3 തവണ മുട്ടുകുത്തി പ്രാർത്ഥിച്ചതായി നാം വായിക്കുന്നു (ദാനിയേൽ 6:10). ആലയത്തിന്റെ സമർപ്പണത്തിന് ശലോമോൻ മുട്ടുകുത്തി (1 രാജാക്കന്മാർ 8: 54). എസ്രാ ഹൃദയഭാരമുള്ളപ്പോൾ ദൈവമുമ്പാകെ മുട്ടുകുത്തി (എസ്രാ 9: 5) “വരുവിൻ നാം വണങ്ങി നമസ്കരിക്കുക ; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക” (സങ്കീർത്തനങ്ങൾ 95 : 6) എന്ന് ദാവീദ് പറഞ്ഞു. അപ്പൊ. പ്രവർത്തികൾ 21: 5 ൽ പ്രാർത്ഥിക്കുവാൻ മുട്ടുകുത്തി നിൽക്കുന്ന വിശുദ്ധന്മാരുടെ വിവരണങ്ങളും 20:36 ൽ പൗലൊസ് മുട്ടുകുത്തി പ്രാർത്ഥിച്ചതിന്റെ വിവരണങ്ങളും ഉണ്ട്.

വലിയ കഷ്ടങ്ങളോ ദുഃഖമോ ഉള്ള സമയങ്ങളിൽ ജനങ്ങൾ തല നിലത്തു മുട്ടിച്ചു പ്രാർത്ഥിക്കുന്ന നിരവധി സംഭവങ്ങൾ പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏലിയാവ് പ്രവാചകൻ നിലത്തു മുട്ടുകൾക്കിടയിൽ മുഖം വച്ച് പ്രാർത്ഥിച്ചു. ( 1 രാജാക്കന്മാർ 18:42). എസ്രായുടെ കാലത്ത് ആളുകൾ നിലത്തു മുഖം താഴ്ത്തി ആരാധിച്ചിരുന്നു. (നെഹമ്യാവ് 8 : 6). ഗെത്ശെമന തോട്ടത്തിൽ കവിണ്ണു വീണു പ്രാർത്ഥിച്ച (മത്തായി 26: 39) നമ്മുടെ രക്ഷകനെ മറക്കുവാൻ കഴിയുകയില്ല.

തിരുവെഴുത്തുകൾ പ്രകാരം പ്രാർത്ഥിക്കുവാൻ വിവിധ മാർഗ്ഗങ്ങൾ ഉണ്ട്, പ്രാർത്ഥിക്കുവാൻ ഏതെങ്കിലും പ്രത്യേക രീതിയെക്കുറിച്ച് നിയമം സ്ഥാപിക്കുന്നത് മനുഷ്യന്റെ ചിന്ത ആയിരിക്കാം. പ്രാർത്ഥനാ സമയം കർത്താവിന് ആദരവും ബഹുമാനവും നൽകുന്നതിനും ആരാധിക്കുന്നതിനും ആയിരിക്കണം. നടന്നും വാഹനമോടിക്കുമ്പോഴും, കിടന്നും പ്രാർത്ഥിക്കുവാൻ കഴിയുന്നത് ഒരു അനുഗ്രഹമാണ്. എന്നാൽ ദൈവപൈതൽ മടിയനാകാതിരിക്കുകയും അർത്ഥവത്തായ ആരാധനയും ശാന്തതയും ഏതെങ്കിലും പതിവായ സമ്പ്രദായങ്ങൾ ഉപേക്ഷിച്ച് ചെയ്യേണ്ടതു പ്രധാനവുമാണ്.

പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്വാദവും വിട്ടകന്ന് കൈകളെ ഉയർത്തി പ്രാർത്ഥിക്കണം (1 തിമൊഥെയോസ് 2:8) എന്ന് പുതിയ നിയമം പഠിപ്പിക്കുന്നത് ശ്രദ്ധേയമാണ്. പഴയ നിയമസഭ ദൈവത്തെ സ്തുതിച്ചുകൊണ്ടോ യാചിച്ചു കൊണ്ടോ കൈകൾ ഉയർത്തി പ്രാർത്ഥിച്ചതിന് നിരവധി ഉദാഹരണങ്ങൾ ഉണ്ട്. ഓരോ പ്രാർത്ഥനയ്ക്കും കൈകൾ ഉയർത്തുവാൻ കഴിയുന്നതല്ലങ്കിലും പ്രത്യേകമായി കർത്താവിനെ സ്തുതിക്കുന്ന സമയങ്ങളിൽ ഈ സമ്പ്രദായം തുടരുന്നത് തിരുവെഴുത്തുമായി പൊരുത്തപ്പെട്ടു പോകുന്നതായി ഞാൻ കാണുന്നു.

### ഒരാൾ എത്രനേരം പ്രാർത്ഥിക്കണം ?

ഒരു വേള പ്രാർത്ഥിക്കുന്നതിന് ക്ലിപ്തമായ ഒരു സമയം നിശ്ചയിച്ചിട്ടില്ല. കർത്തൃപ്രാർത്ഥനയിൽ യേശുവിന്റെ സമയം 30 സെക്കന്റിൽ താഴെ ആയിരുന്നു. യേശു ചില സമയങ്ങളിൽ രാത്രി മുഴുവ നും പ്രാർത്ഥിച്ചു, മറ്റു ചില സമയങ്ങളിൽ ചെറിയ ദൈർഘ്യം. മറുവശത്ത് ചില ആളുകൾ വേണ്ടത്ര പ്രാർത്ഥിക്കുന്നില്ല, മറ്റു ചിലർ എല്ലാ ഉത്തരവാദിത്വങ്ങളും അവഗണിച്ച് ദിവസവും മണിക്കൂറുകളോളം പ്രാർത്ഥിക്കുന്ന അടിമത്വത്തിലാണ്. സാഹചര്യങ്ങൾ പലപ്പോഴും പ്രാർത്ഥനയുടെ ദൈർഘ്യം നിർണ്ണയിക്കുന്നു. ഒരുവൻ വലിയ ഭാരമുള്ളപ്പോൾ പ്രാർത്ഥനയുടെ ദൈർഘ്യം ഏറുകയും രാത്രി മുഴുവനും പ്രാർത്ഥിക്കുകയും ചെയ്തേക്കാം. പ്രാർത്ഥനയുടെ ആത്മാവിലേ യ്ക്ക് പ്രവേശിക്കുവാൻ ചിലപ്പോൾ സമയം എടുക്കും. സാധാരണ പൊതു പ്രാർത്ഥനകൾ ദീർഘമായ പ്രാർത്ഥനാ സമയം എടുക്കുന്നില്ല. നാം ദൈവവുമായി സമ്പർക്കം പുലർത്തുവാനും ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും സമയം കരുതുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അധികം ആളുകളും കൂടുതൽ പ്രാർത്ഥി ക്കുന്നതിൽ ബുദ്ധിമുട്ടുള്ളവരല്ല.

Printed matter only
**MALAYALAM EDITION**



**നിങ്ങൾക്ക് അറിയാമോ?**



ഹിന്ദുമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാമതം, സിഖ്മതം തുടങ്ങി ലോകമെമ്പാടുമുള്ള നിരവധി മതങ്ങൾ പ്രാർത്ഥനയുടെയോ മന്ത്രോച്ചാരണങ്ങളുടെയോ ആവർത്തനങ്ങളെ തിട്ടപ്പെടുത്തുവാൻ പ്രാർത്ഥനാമണികൾ ഉപയോഗിക്കുന്നു. "ബീഡ്" എന്ന ഇംഗ്ലീഷ് പദം വന്നത് പ്രാർത്ഥന എന്ന അർത്ഥമുള്ള "ബേഡേ" എന്ന പഴയ ഇംഗ്ലീഷ് പദത്തിൽ നിന്നാണ്. അവയുടെ ഉത്ഭവം നിശ്ചയമല്ലെങ്കിലും 36 നൂറ്റാണ്ടുകൾക്കു മുമ്പ് പുറജാതി നാഗരികതകൾ ചില രീതികളിൽ പ്രാർത്ഥനാമുത്തുകൾ ഉപയോഗിച്ചിരുന്നു. അവയുടെ ആദ്യകാല സ്ഥിരീകരിക്കപ്പെട്ടതും രേഖപ്പെടുത്തിയതുമായ ഉപയോഗം ക്രിസ്തുവിനും നൂറു കണക്ക് വർഷങ്ങൾക്കു മുമ്പ് ഹിന്ദു മതത്തിൽ നിന്നാണ്.

വ്യർത്ഥമായ ആവർത്തനങ്ങൾ ഉപയോഗിക്കുന്ന വിജാതിയരെപ്പോലെ പ്രാർത്ഥിക്കരുത് എന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. പ്രാർത്ഥന ദൈവത്തിലേയ്ക്കുള്ള ഹൃദയം തുറക്കലാണ്, മനഃപാഠവും ആവർത്തനവും അല്ല. പ്രാർത്ഥനാമുത്തുകളുടെ ഉപയോഗം ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾക്ക് അനുസൃതമല്ല.

തക്കസമയത്ത് പറഞ്ഞ വാക്ക്

# യബ്ബേസിന്റെ പ്രാർത്ഥന

*യബ്ബേസ് യിസ്രായേലിന്റെ ദൈവത്തോട്: നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ച് എന്റെ അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടു കൂടെ ഇരുന്ന് അനർത്ഥം എനിക്ക് വ്യസനകാരണമായി തീരാത്തവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളാമായിരുന്നു എന്ന് അപേക്ഷിച്ചു - 1 ദിനവൃത്താന്തം 4 : 10*

പ്രാർത്ഥനയുടെ ശക്തിയും സൗന്ദര്യവും ഉൾക്കൊള്ളുന്ന യബ്ബേസിന്റെ പ്രാർത്ഥന ദൈവം ആദരിച്ചു. തീർച്ചയായും നമ്മുടെ ജീവിതത്തിൽ ദൈവാനുഗ്രഹം ആവശ്യമാണ്, കാരണം ദൈവം ഇല്ലാതെ നാം നിരാശരും, നഷ്ടപ്പെട്ടവരും ആകുന്നു. നമുക്ക് ശ്വാസവും എല്ലാ നല്ല ദാനങ്ങളും ദൈവമാണ് നൽകുന്നത്. നമ്മുടെ കഴിവിലും അഥവാ ചുറ്റുമുള്ളവരിലും വിശ്വാസം അർപ്പിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് നമ്മുടെ സഹായത്തിനും ശക്തിക്കും വേണ്ടി ദൈവത്തിലേയ്ക്ക് നോക്കുന്നത്. മറ്റുള്ളവർ പരാജയപ്പെടാം പക്ഷേ ദൈവം എന്നേയ്ക്കുമുള്ളവനും മാറാത്തവനുമാണ്.

കർത്താവേ എന്റെ അതിർ വിസ്താരമാക്കേണമേ. ആത്മീയമായി വളരുവാൻ എന്നെ സഹായിക്കണമേ. കൂടുതൽ ആത്മീയ നില കൈവരിക്കുവാൻ എനിക്കു ശക്തിയും കൃപയും നല്കണമേ. എന്റെ മുമ്പിലുള്ള ശക്തന്മാരെ കീഴടക്കുവാനുള്ള ശക്തി എന്റെ ജീവിതത്തിനു നൽകണമേ. എന്റെ ജീവിതത്തിനു മുമ്പിലുള്ള ഉറപ്പുള്ള കോട്ടകൾ താഴ്ത്തണമേ. എന്റെ സ്വാധീനത്തിനും അപ്പുളത്തുമുള്ള ആളുകളുമായി സുവിശേഷം പങ്കുവയ്ക്കുവാൻ എന്റെ സ്വാധീനത്തെ വികസിപ്പിക്കണമേ.

കർത്താവേ നീ എന്റെ ജീവിതത്തിൽ കൈ വയ്ക്കുമോ? എനിക്കു തനിയെ ഒന്നും ഉണ്ടാക്കുവാൻ കഴിയുകയില്ല. അങ്ങയുടെ സിംഹാസനത്തിനു മുന്നിൽ ഞാൻ എന്നെ താഴ്ത്തുന്നു, അങ്ങ് കരുണ കാണിക്കണമേ എന്ന് ഞാൻ ആത്മാർത്ഥമായി അപേക്ഷിക്കുന്നു. എനിക്ക് അങ്ങയുടെ മാർഗ്ഗനിർദ്ദേശവും സഹായവും ആവശ്യമാണ്. എനിക്കു ജ്ഞാനവും പ്രചോദനവും നൽകണമേ. അങ്ങയുടെ അഭിഷേകത്തിനും അംഗീകാരത്തിനും ഞാൻ കേഴുന്നു.

പിതാവേ തിന്മ എന്നെ നശിപ്പിക്കാതെ കാത്തു കൊള്ളണമേ. അങ്ങയുടെ ആത്മാവിനോട് പ്രതികരിക്കുവാൻ എന്നെ സഹായിക്കണമേ. എനിക്കു സ്വയമായ നീതി ഇല്ല. എനിക്കു കാണത്തക്കവണ്ണം എന്റെ അന്ധമായ കണ്ണുകളെ തുറക്കണമേ. ശത്രുവിന്റെ കെണികൾ കാണിച്ചു തരണമേ. ഈ ലോകത്തിന്റെ സ്നേഹത്തിൽ നിന്നും വ്യാജമതത്തിന്റെ വഞ്ചനയിൽ നിന്നും എന്നെ കാത്തുകൊള്ളണമേ. അങ്ങയുടെ വഴിയാണ് സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ഒരേ ഒരു വഴി അതിനാൽ അങ്ങയോട് പാപം ചെയ്യാതിരിക്കുവാനും എന്നെ സൂക്ഷിക്കുവാനും, എന്റെ ആത്മാവിനെ കാത്തുകൊള്ളുവാനും അങ്ങയോട് അപേക്ഷിക്കുന്നു.

ലാളിത്യത്തിൽ അവൻ പ്രാർത്ഥിച്ച പ്രാർത്ഥന ദൈവം കേട്ടു. "അവൻ ആവശ്യപ്പെട്ടതു ദൈവം അവനു നൽകി." അതുകൊണ്ട് ദൈവം ഇന്നു നമുക്കു വേണ്ടിയും പ്രവർത്തിക്കും. ദൈവത്തിനു നന്ദി! എന്റെ കൂട്ടു ദൈവപൈതലേ ധൈര്യപ്പെട്ടിരിക്കുക, നമുക്കു പ്രാർത്ഥനയോടെ ആയിരിക്കാം.

## പ്രസിദ്ധമായ പ്രാർത്ഥനകൾ

**കർത്താവിന്റെ പ്രാർത്ഥന**
മത്തായി 6: 9 – 13

**വിടുതലിനായി യോനയുടെ പ്രാർത്ഥന**
യോന 2 : 2 – 9

**സൗഖ്യത്തിനായി ഹിസ്ക്കിയാവിന്റെ പ്രാർത്ഥന**
1 രാജാക്കന്മാർ 20: 1–5

**ശലോമോന്റെ സമർപ്പണ പ്രാർത്ഥന**
1 രാജാക്കന്മാർ 8:22–53

**മഹാപുരോഹിതനായ യോശുവായുടെ പ്രാർത്ഥന**
നെഹമ്യാവ് 9:5–38

**യബ്ബേസിന്റെ പ്രാർത്ഥന**
1 ദിനവൃത്താന്തം 4:10

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**